


# Laudato si

**ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്**

ലോകം പ്രതീക്ഷാപൂർവം കാത്തിരുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രികലേഖനത്തിന്റെ പേരാണു Laudato si (ലൗദാത്തൊ സി– Praise be to you – സ്തുതിയായിരിക്കട്ടെ). LS എന്ന ചുരുക്കെഴുത്തിൽ ആയിരിക്കും അറിയപ്പെടുന്നത്. Laudato si mi Signore Praise be to you, my Lord – എന്റെ കർത്താവേ, നിനക്കു സ്തുതിയായിരിക്കട്ടെ എന്നാണു ചാക്രികലേഖനത്തിന്റെ തുടക്കം. ഫ്രാൻസിസ് അസീസിയുടെ സൂര്യകീർത്തനം എന്ന പ്രാർഥനയിൽ നിന്നാണിത്. ''ഞങ്ങളെ പരിരക്ഷിക്കുകയും ഭരിക്കുകയും ഞങ്ങൾക്കുവേണ്ടി സമൃദ്ധമായ നിറഭംഗിയുള്ള ഫലങ്ങൾ നൽകുകയും ചെയ്യുന്ന നമ്മുടെ സഹോദരിയായ ഭൂമിയിലൂടെ എന്റെ കർത്താവേ നിനക്കു സ്തുതി'' എന്നാണ് ആ പ്രാർഥനയിൽ പറയുന്നത്. 246 നമ്പറുകളുള്ള, ആറ് അധ്യായങ്ങൾ അടങ്ങുന്ന, വിപുലമായ ഒരു പഠനമാണ് ഈ ചാക്രികലേഖനം.

കാലഘട്ടത്തിന്റെ ആവശ്യം മനസിലാക്കി വളരെ സങ്കീർണവും എന്നാൽ അവസരോചിതവുമായ വിഷയമാണു പാപ്പാ അവതരിപ്പിക്കുന്നത്. ഈ ചാക്രികലേഖനത്തിന്റെ കാതൽ നമുക്കുശേഷം വരുന്നവർക്കുവേണ്ടി, ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന കുട്ടികൾക്കുവേണ്ടി, ഏതു തരത്തിലുള്ള ഒരു ലോകമാണു നമ്മൾ കൊടുക്കാനിരിക്കുന്നത് (160) എന്നതാണ്. നമ്മുടെ പൊതുഭവനമായ ഭൂമിയോടു നമ്മൾ കാണിക്കുന്ന പരിഗണന എന്താണ്? ഇതു പരിസ്ഥിതിവിഷയം മാത്രമായി കാണരുത്. പരിസ്ഥിതി ഒരു ഒറ്റപ്പെട്ട തുണ്ടായി നമ്മിൽ നിന്നു മാറിനില്ക്കുന്ന കാര്യമല്ല.

നമ്മുടെ ജീവനെക്കുറിച്ചും നമ്മുടെ അസ്തിത്വത്തെക്കുറിച്ചുമാണു വാസ്തവത്തിൽ ഇവിടെ ചിന്തിക്കുന്നത്. ഈ ലോകത്തിലെ നമ്മുടെ ജീവന്റെ അർഥം എന്താണ്? നമ്മുടെ പ്രയത്നങ്ങളുടെ അർഥമെന്താണ്? ഭൂമിക്കു നമ്മെക്കൊണ്ട് എന്താണ് ആവശ്യം? ഈ വിഷയങ്ങളെക്കുറിച്ചു ഗൗരവമായി നമ്മൾ ചിന്തിക്കുന്നില്ലെങ്കിൽ പരിസ്ഥിതിശാസ്ത്രത്തെക്കുറിച്ചുള്ള നമ്മുടെ പഠനം കാര്യമായ പ്രതികരണങ്ങൾ സൃഷ്ടിക്കുകയില്ല എന്നു പാപ്പാ പറയുന്നു (160).

ജീവജാലങ്ങളിൽ പരിതസ്ഥിതികളുടെ സ്വാധീനശക്തിയെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രമാണ് പരിസ്ഥിതിവിജ്ഞാനീയം (ecology). ഇത് Oikos (ഓയ്ക്കോസ്=വീട്) എന്ന ഗ്രീക്കുമൂലത്തിൽ നിന്നുവരുന്നു. ജീവജാലങ്ങളുടെ വീടിനെക്കുറിച്ചുള്ള ശാസ്ത്രമാണിത്. നമ്മൾ ഭൂമിയിൽനിന്നുള്ള പൊടിയാണെന്നും (ഉല്പ.2:7), ശരീരം സൃഷ്ടിക്കപ്പെട്ടതു ഭൗമിക പദാർഥങ്ങളിൽ നിന്നാണെന്നും ഇവിടത്തെ വായുവാണു നാം ശ്വസിക്കുന്നതെന്നും ഇവിടത്തെ ജലത്തിൽനിന്നാണു നമുക്കു ജീവനും ഉന്മേഷവും വളർച്ചയും ലഭിക്കുന്നതെന്നും നാം മറന്നുകളയുന്നു (2).

**വിരൂപമാക്കപ്പെട്ട ഭൂമി**

അമിതോപയോഗം വഴിയും ദുരുപയോഗം വഴിയും ഭൂമി ഇന്നു വിരൂപമാക്കപ്പെട്ടിരിക്കുന്നു. ഭൂമിയിൽ ഉപേക്ഷിക്കപ്പെട്ടവരുടെ എണ്ണം കൂടുന്നു. ഇവരെ ശ്രദ്ധിക്കണമെന്നു മാർപാപ്പ ശക്തമായി ഓർമപ്പെടുത്തുന്നു. വ്യക്തികളും കുടുംബങ്ങളും, പ്രാദേശികസമൂഹങ്ങളും, രാജ്യങ്ങളും, അന്തർദേശീയ കൂട്ടായ്മകളും ഒരു പരിസ്ഥിതി മാനസാന്തരത്തിന് (ecological conversion) വിധേയമാകണമെന്നു പാപ്പാ പറയുന്നു. വിശുദ്ധനായ ജോൺ പോൾ രണ്ടാമന്റെ

വാക്കുകളാണിവ. നമ്മുടെ പൊതുഭവനത്തോടുള്ള കരുതലിനുവേണ്ടി പാപ്പാ എല്ലാവരേയും ക്ഷണിക്കുന്നു.

നമ്മുടെ ഭൗമികഭവനത്തെക്കുറിച്ചുള്ള കരുതൽ വർധിച്ചുവരുന്നുണ്ട് എന്നും പാപ്പാ പറയുന്നു (19). ഈ ചാക്രികലേഖനം ഒരു മുഖ്യധാര വെട്ടിത്തുറക്കുന്നുണ്ട്. നമ്മുടെ പൊതുഭവനനിർമാണത്തിനു ഒരുമിച്ചു ജോലി ചെയ്യാൻ മനുഷ്യവർഗത്തിന് ഇനിയും കഴിയും (13). എല്ലാം നഷ്ടപ്പെട്ടിട്ടില്ല. മനുഷ്യർക്ക് ഇനിയും ഇടപെടാൻ കഴിയും. ഉദ്യമങ്ങൾ തിരിച്ചറിയാൻ ഒരു പുതിയ തുടക്കം ആവശ്യമാണ് (205).

ഫ്രാൻസിസ് പാപ്പാ വിശുദ്ധനായ ജോൺ പോൾ പാപ്പായെ അനുസ്മരിക്കുന്നു: ക്രൈസ്തവർ വിശ്വാസത്തിന്റെ ഏറ്റവും അടുത്ത ഭാഗമായിട്ടാണു സൃഷ്ടിയോടും പ്രകൃതിയോടും സൃഷ്ടാവിനോടുമുള്ള ഉത്തരവാദിത്വത്തെ കാണുന്നത്. ഫ്രാൻസിസ് പാപ്പായുടെ ലക്ഷ്യം നമ്മുടെ പൊതുഭവനത്തെക്കുറിച്ച് എല്ലാ മനുഷ്യരുമായിട്ടും ലോകം മുഴുവനുമായിട്ടും സംഭാഷണം നടത്തുക എന്നതാണ് (3). ഈ ചാക്രികലേഖനം മുഴുവനും ഈ ചിന്ത നിറഞ്ഞുനില്ക്കുന്നു. മറ്റു സഭകളും മതങ്ങളും ഇക്കോളജി പഠനവിഷയമാക്കിയിട്ടുണ്ട്. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രീയർക്കീസ് ബർത്തലോമിയോയുടെ ചിന്തകൾ ഇതിൽ ചേർത്തിട്ടുണ്ട് (8–9); അതുപോലെ ശാസ്ത്രജ്ഞരുടെയും തത്ത്വശാസ്ത്രജ്ഞരുടെയും ദൈവശാസ്ത്രജ്ഞരുടെയും ചിന്തകളും.

**ചാക്രികലേഖനത്തിലെ പ്രധാനചിന്തകൾ**

ഭൂമി നമ്മുടെ പൊതുഭവനമാണ്; എല്ലാ വീടുകളിലും കലാലയങ്ങളിലും പൊതുവേദികളിലും ഇതിനേക്കുറിച്ചു സംസാരിക്കണം. ഈ ഭവനത്തിലെ പാവപ്പെട്ടവരും ബലഹീനരും, ഈ ഭവനത്തിലെ എല്ലാ ജീവജാലങ്ങളും തമ്മിൽ ബന്ധമുണ്ട്. സമഗ്ര പരിസ്ഥിതി വിജ്ഞാനീയത്തിന്റെ ആവശ്യകത, പാരിസ്ഥിതിക മാനസാന്തരം, പരിസ്ഥിതി വിദ്യാഭ്യസം, പരിസ്ഥിതി ആത്മീയത തുടങ്ങിയ പ്രയോഗശൈലികൾ പ്രധാനമാകുന്നു.

ഒരു ദരിദ്രപക്ഷ (Pro poor-പാവപ്പെട്ടവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും അനുകൂലമായ) പരിസ്ഥിതി വിജ്ഞാനീയവും പാരിസ്ഥിതിക നീതിയെക്കുറിച്ചുള്ള പഠനവുമാണിത്. എല്ലാം വലിച്ചെറിയാം എന്ന സംസ്കാരത്തിന്റെ പോരായ്മയും ഒരു പുതിയ ജീവിതശൈലിക്കുള്ള നിർദേശങ്ങളും ഇതിൽ എടുത്തുകാണിക്കുന്നു. ഒരു സാങ്കേതികവിദ്യ കൊണ്ടുവന്ന തിന്മകളെ മറ്റൊരു സാങ്കേതികവിദ്യകൊണ്ടു മാറ്റിയെടുക്കാൻ സാധ്യമല്ല. മനുഷ്യമനസിന്റെ ധാർമികവും ആത്മീയവുമായ മാനസാന്തരത്തിലൂടെ മാത്രമേ അതു സാധിക്കൂ.

**ഐച്ഛികമല്ല**

ഈ ചാക്രികലേഖനത്തിനു മുൻകാല ചാക്രികലേഖനങ്ങളെക്കാൾ എന്തു പ്രത്യേകതയുണ്ട് എന്നു ചോദിച്ചേക്കാം. ഒരു വിശ്വാസിക്കു പ്രകൃതിയോടുള്ള സമീപനം ഐച്ഛികം (optional-നമുക്ക് ആവശ്യമുണ്ടെങ്കിൽ എടുക്കാം, അല്ലെങ്കിൽ വിട്ടുകളയാം) അല്ല എന്നു പഠിപ്പിക്കുന്നു. സഭാപഠനത്തിന്റെ പ്രധാന ഭാഗമായി പാപ്പാ എടുത്തിരിക്കുകയാണിത്. നമുക്കു വേണ്ടാത്തതെല്ലാം പുറത്തേക്കു വലിച്ചെറിയാം എന്ന നിലപാടിനെ മാർപാപ്പ വിമർശിക്കുന്നു. നമ്മുടെ ആവശ്യങ്ങൾ നോക്കാതെ അമിതമായി ഏതു കാര്യവും ഉപയോഗിക്കുന്നതിനെയും ധൂർത്തടിക്കുന്നതിനെയും പാഴ്ച്ചെലവുകൾ വരുത്തുന്നതിനെയും വളരെ ഗൗരവബുദ്ധിയോടെയാണു പാപ്പാ കാണുന്നത്.

മനുഷ്യനെ വളർത്തുകയും അവനെ ശുശ്രൂഷിക്കുകയും ചെയ്യുന്നിടത്തോളം സാങ്കേതികവിദ്യയും പണവും നല്ലതാണ്. പക്ഷേ, ചുരുക്കംചിലരെ മാത്രം അതിസമ്പന്നരും വലിയ ഒരു വിഭാഗത്തെ ദരിദ്രരുമാക്കുന്ന സംവിധാനത്തിലേക്ക് എത്തുമ്പോൾ അതു വലിയ തിന്മയാണ്. നാനാവിധ അടിമത്തത്തിലേക്ക് അതു നയിക്കും. ഇന്നത്തെ സാമ്പത്തിക ഇടപാടുകൾ സമ്പത്ത്

എല്ലാവരിലും എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല. ദാരിദ്ര്യത്തിൽ നിന്നു ജനങ്ങളെ കരേറ്റാൻ സാധിക്കുന്നില്ല.

ദാരിദ്ര്യത്തിന്റെ മൂലകാരണം പാപ്പാ അന്വേഷിക്കുന്നു. ഫോസിൽ ഇന്ധനങ്ങളുടെ അമിതമായ ഉപയോഗത്തെ എതിർക്കുന്നു. പാറകൾക്കുള്ളിൽ നൂറ്റാണ്ടുകളായി അടിഞ്ഞുകിടന്നു ശിലീഭൂതമാകുന്ന അതിപ്രാചീന കാലത്തെ ജീവികളുടെയോ സസ്യങ്ങളുടെയോ അവശിഷ്ടങ്ങളാണു ഫോസിൽ. അതായതു കൽക്കരി, പെട്രോളിയം മുതലായവ. ഈ സാധാരണ ഊർജം ഒരുപിടി ജനതകളെ ദാരിദ്ര്യത്തിൽ നിന്നു കരകയറ്റിയിട്ടുണ്ട്.

ഇത്തരം ഫോസിലുകളുടെ അമിത ഉപയോഗംമൂലം അന്തരീക്ഷത്തെ മലിനപ്പെടുത്തിയ വൻകിട രാഷ്ട്രങ്ങൾ അതിന്റെ ഉപയോഗം കുറയ്ക്കണമെന്നു പാപ്പാ സമർഥിക്കുന്നു. മറ്റു സംവിധാനങ്ങൾ (പാരമ്പര്യേതര ഊർജം) കണ്ടെത്തണം. ഉദാഹരണം:- കാറ്റിൽ നിന്നോ സൂര്യപ്രകാശത്തിൽ നിന്നോ ഊർജം സമ്പാദിക്കുക. പക്ഷേ അതു ചെലവേറിയതാണ്. ഇക്കാര്യത്തിൽ വലിയ ഐക്യദാർഢ്യം വേണം.

**പങ്കുവയ്ക്കണം**

സമ്പന്നരാഷ്ട്രങ്ങൾ തങ്ങളുടെ സമ്പത്ത് പങ്കുവയ്ക്കണം. എങ്കിൽ മാത്രമേ പിന്നോക്കരാഷ്ട്രങ്ങൾക്കു പാരമ്പര്യേതര ഊർജത്തിലേക്കു വരാനാവൂ. അതിനു മൂലധനം മുടക്കണം.

കാർഷിക മേഖലകളെക്കുറിച്ചുള്ള ശ്രേഷ്ഠമായ കാഴ്ചപ്പാടുകൾ പാപ്പാ മുന്നോട്ടു വയ്ക്കുന്നുണ്ട്. സ്വരമില്ലാതെയും ശക്തിയില്ലാതെയും ഇപ്പോൾ ഒതുങ്ങിക്കഴിയുന്ന കർഷകരുടെ സ്വരമായി പാപ്പാ മാറുകയാണ്. ഒരു കർഷകബാങ്കിന്റെ സ്വരമാണ് 129, 164 എന്നീ ഖണ്ഡികകളിൽ നാം കാണുന്നത്. കാർഷികോത്പന്നങ്ങളുടെ ഉത്പാദനരീതിയിൽത്തന്നെ മാറ്റംവരണം. ഇതിലേക്കു വിവേകപൂർവം കടന്നുവന്ന് അല്മായർ നേതൃത്വം കൊടുക്കണം.

ശാസ്ത്രവിഷയങ്ങളിലേക്കു പാപ്പാ കടന്നിട്ടുണ്ട്. കെമിസ്ട്രി പഠിച്ച ഒരു വ്യക്തി എന്ന നിലയിൽ പാപ്പാ ശാസ്ത്രജ്ഞരോടുള്ള അടുപ്പം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

**പണത്തോടുള്ള ആരാധന**

സമ്പദ്ഘടനയെക്കുറിച്ച് ഏറെ പറഞ്ഞിട്ടുണ്ട്. പാപ്പാ ധനശാസ്ത്ര സിദ്ധാന്തം പഠിപ്പിക്കുകയല്ല മനുഷ്യമഹത്വം മാറ്റിക്കളയുന്ന അപകടകരമായ സമ്പദ്ഘടനയെക്കുറിച്ചു പറയുകയാണു ചെയ്യുന്നത്. പണത്തോടുള്ള അമിതവ്യഗ്രത എല്ലാ കാഴ്ചപ്പാടുകളെയും ബലഹീനമാക്കുന്നു. തടുക്കാനും കെടുത്താനും പറ്റാത്ത അഗ്നിയായി പണത്തോടുള്ള ഈ ആരാധന നില്ക്കുന്നു. ഇന്നത്തെ ആഗോള സമ്പദ്ഘടന വലിയ ഒരു വിഭാഗം ജനതയ്ക്ക് ഉപകാരപ്പെടുന്നില്ല എന്നുമാത്രമല്ല ഉപദ്രവകരം കൂടിയാണ്. അതു ധാരാളം പണം ഉൽപാദിപ്പിക്കപ്പെടുമ്പോഴും അതിലേറെ ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും നമുക്കുചുറ്റും വളരുന്നു.

പാപ്പായുടെ ഏറെ ശ്രദ്ധേയമായ ചിന്ത ആഗോളതാപനത്തെക്കുറിച്ചാണ്. ലോകത്തിലുള്ള എല്ലാ ജീവജാലങ്ങളും തമ്മിലുള്ള ബന്ധത്തിൽ പാപ്പാ ഊന്നൽ കൊടുക്കുന്നു. ശരിയായി മാനുഷികമായിട്ടുള്ളത് ഒന്നും സഭയുടെ പരിഗണനയ്ക്കു പുറത്തല്ല എന്നു പാപ്പാ പഠിപ്പിക്കുകയാണ്. സൃഷ്ടലോകത്തെക്കുറിച്ചും പാവപ്പെട്ടവരെക്കുറിച്ചും ഉള്ള കരുതലും ഉത്തരവാദിത്വവും പാപ്പായുടെ ദൈവശാസ്ത്രത്തിന്റെ കാതലാണ്. കാലാവസ്ഥാ വ്യതിയാനം വെറുമൊരു സിദ്ധാന്തമല്ല. എല്ലാവരും അതിന്റെ ദുരിതഫലം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു.

**ലക്ഷ്യം മാനസികവിപ്ലവം**

ലോകമനഃസാക്ഷിയിൽ വിപ്ലവവും മാനസാന്തരവും സൃഷ്ടിക്കുകയാണു പാപ്പാ.

പ്രകൃതിയെക്കുറിച്ചും അനുബന്ധവിഷയങ്ങളെക്കുറിച്ചും ദീർഘമായി പ്രതിപാദിക്കുന്ന പാപ്പാ ദൈവശാസ്ത്രവിഷയങ്ങളെ അല്പംപോലും അവഗണിക്കുകയല്ല. വലിയ ഒരു ദൈവശാസ്ത്രമാറ്റം കൊണ്ടുവരുന്നുമില്ല.

ഒരു പുതിയ ശൈലിയിലൂടെ വിപുലമായ ഒരു സദസിനെ മുന്നിൽക്കണ്ടുകൊണ്ടാണ് ഈ ചാക്രികലേഖനം തയാറാക്കിയിരിക്കുന്നത്. പരിശുദ്ധ ത്രിത്വത്തിലുള്ള കൂട്ടായ്മയിൽത്തന്നെയാണു പാപ്പാ ചാക്രികലേഖനം അവസാനിപ്പിക്കുന്നതും കൂട്ടിയിണക്കുന്നതും (238–240). എല്ലാ സൃഷ്ടികളുടെയും മകുടമായ പരിശുദ്ധ മറിയത്തെ പ്രത്യേകം സ്മരിക്കുന്നു (241–2).

**മനുഷ്യമഹത്വത്തെ ആദരിച്ച്**

സ്വാഭാവിക സമീപനങ്ങളെയും നിയമങ്ങളെയും അപ്രധാനങ്ങളാക്കുന്നില്ല. മനുഷ്യമഹത്വത്തെ ആദരിച്ചുകൊണ്ടു ധാർമികമൂല്യങ്ങളിൽ ഊന്നിനിന്നുകൊണ്ടു പാപ്പാ മുന്നോട്ടുകുതിക്കുകയാണ്. ഈ ലോകമാകുന്ന ഭവനത്തെ ആദരിച്ചുകൊണ്ടുള്ള കുതിപ്പാണിത്. ജോലി ഇല്ലാത്തവരുടെയും വീടില്ലാത്തവരുടെയും ആരോഗ്യമില്ലാത്തവരുടെയും എണ്ണം കുറയ്ക്കാനുള്ള ധാർമിക ഉത്തരവാദിത്വമാകുന്ന ദണ്ഡിൽ ഊന്നിനിന്നുകൊണ്ടാണു പാപ്പാ സംസാരിക്കുന്നത്.

സമ്പന്നരാഷ്ട്രങ്ങൾ സമ്പത്ത് പങ്കുവയ്ക്കണം എന്ന ധാർമികദാർശനികതയുടെ വക്താവാണു പാപ്പാ. പങ്കുവയ്ക്കാൻ മനസില്ലാത്ത സമ്പദ്ഘടന വലിയ വിനാശം വിതയ്ക്കുന്നുണ്ട്. ജലവും ഊർജവും അമിതോപയോഗം മൂലം നഷ്ടമാകുന്നതു തടയണം. ലോകം മുഴുവനും എയർ കണ്ടീഷൻ ചെയ്യണം എന്ന വ്യഗ്രത വേണ്ട.

**മാന്ത്രിക ഫോർമുലയില്ല**

സമ്പത്ത് എങ്ങനെ പങ്കുവയ്ക്കണം എന്നതിനെക്കുറിച്ചുള്ള മാന്ത്രിക ഫോർമുലയൊന്നും പാപ്പായുടെ കൈവശമില്ല. എല്ലാ മനുഷ്യർക്കും ആവശ്യത്തിനുള്ള പണവും നല്ല ഭക്ഷണവും ശുദ്ധജലവും ശുദ്ധവായുവും കിട്ടണം എന്ന കാഴ്ചപ്പാടാണു പാപ്പായുടെ ചിന്തകളുടെ ഇന്ധനമായി നിൽക്കുന്നത്. കൂടുതൽ സമ്പാദിക്കണം എന്ന ചിന്ത വെടിഞ്ഞു കൂടുതൽ കൊടുക്കണം എന്ന സുവിശേഷമാർഗത്തിലേക്കു കടന്നുവരണം.

ദരിദ്രരെക്കുറിച്ചും ഭാവിയെക്കുറിച്ചുമുള്ള ഓർമ ഒരുവനെ സ്വതന്ത്രനാക്കും. ദരിദ്രനിൽ നിക്ഷേപിക്കുന്നവൻ സ്വർഗത്തിലാണു നിക്ഷേപിക്കുന്നത്. അത് ആരും കവർന്നെടുക്കുകയില്ല. പാപ്പാ നിർദേശിക്കുന്ന പാരിസ്ഥിതിക മാനസാന്തരം ദൈവശാസ്ത്രത്തിന്റെ കാതൽ തന്നെയാണ്. എനിക്കുശേഷം വരുന്നവർക്കായി ഞാൻ വിട്ടിട്ടുപോകുന്ന ലോകത്തിന്റെ ഗുണമേന്മയെക്കുറിച്ചാണു പാപ്പാ വ്യഗ്രതകാണിക്കുന്നത്.

ഈ ചാക്രിക ലേഖനത്തിന്റെ ദൈവശാസ്ത്രപരവും അജപാലനപരവും ആത്മീയവുമായ കാഴ്ചപ്പാടുകൾ വളരെ ആഴമായിട്ടുള്ളതും പഠനവിഷയമാക്കേണ്ടതുമാണ്. പാരിസ്ഥിതിക വിഷയങ്ങളിൽ മാത്രം ഒതുക്കിയാൽ ഇതിന്റെ ആഴവും വ്യാപ്തിയും ഗുണമേന്മകളും നാം കാണാതെ പോവുകയായിരിക്കും. പാപ്പായുടെ വാക്കുകൾ: ‘‘ക്രൈസ്തവർ ത്രിയേക ദൈവത്തിൽ, ത്രിത്വാത്മക കൂട്ടായ്മയിൽ, വിശ്വസിക്കുന്നവരാണ്. അതിന്റെ അർഥം ത്രിത്വം അതിന്റെ അടയാളം എല്ലാ സൃഷ്ടികളിന്മേലും ചാർത്തിയിട്ടുണ്ട് എന്നതാണ്’’ (239).

**അസീസിയുടെ ചിന്തകളിൽ**

ഈ ചാക്രികലേഖനം വായിച്ചുകഴിയുമ്പോൾ അമിതാവേശക്കാരനായ ഒരു പ്രകൃതിവാദിയായി പാപ്പായെ തെറ്റിദ്ധരിക്കരുത്. സമഗ്ര പരിസ്ഥിതിശാസ്ത്രത്തിന്റെ വക്താവായ ഫ്രാൻസിസ് അസീസിയുടെ ചിന്തകളിലാണു പാപ്പാ വേരുറപ്പിച്ചിരിക്കുന്നത്. ഇതിന്റെ ചുവടുപിടിച്ചു സഭാപിതാക്കന്മാരുടെ കാലഘട്ടത്തിലേക്കു നമ്മൾ യാത്രചെയ്യുന്നതും ഫലപ്രദമാണ്. മാർ അപ്രേം, അഫ്രാത്ത്, നർസെ, ഇരണേവൂസ്, ക്ലമന്റ്, നിനിവേയിലെ ഇസഹാക്ക്, ക്രിസോസ്തോം, ആഗസ്തിനോസ്, അംബ്രോസ്, ജോൺ ഡമഷീൻ തുടങ്ങിയ വലിയ പിതാക്കന്മാർ എല്ലാവരും പ്രകൃതിസ്നേഹികളും പ്രകൃതിയും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധം ആഴത്തിൽ പഠനവിഷയമാക്കിയവരുമാണ്. ഈ മേഖലയുമായി ഈ ചാക്രികലേഖനത്തെ കൂട്ടിമുട്ടിക്കുക നമ്മുടെ അജപാലനപരമായ ദൗത്യമായിരിക്കണം.

ആറ് അധ്യായങ്ങളാണു 'ലൗദാത്തൊ സി' എന്ന ചാക്രികലേഖനത്തിനുള്ളത്.

**1. നമ്മുടെ പൊതുഭവനത്തിന് എന്തു സംഭവിക്കുന്നു**

ഭൂമിക്ക് എന്തു സംഭവിക്കുന്നു എന്നു വിശകലനം ചെയ്യുന്ന ഒന്നാം അധ്യായം പരിസ്ഥിതി വിജ്ഞാനീയം സംബന്ധിച്ച ആനുകാലിക ശാസ്ത്രീയപഠനങ്ങൾ നിരത്തുന്നു. പ്രകൃതിയുടെ വിലാപത്തെ ശ്രദ്ധിക്കുന്നു. ഓരോ വ്യക്തിയും ഇതു ശ്രദ്ധിക്കുകയും പരിഹാരമാർഗങ്ങൾ കാണുകയും ചെയ്യണം (19). ഇന്നത്തെ പാരിസ്ഥിതിക പ്രതിസന്ധികളെ നന്നായി അവതരിപ്പിക്കുന്നു (15).

അന്തരീക്ഷമലിനീകരണവും കാലാവസ്ഥാ വ്യതിയാനവും: പാരിസ്ഥിതികവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും വിഭവം പങ്കുവയ്ക്കുന്നതുമായ അനേകം ഘടകങ്ങൾ ചേർന്ന ഒരു ആഗോള പ്രശ്നമാണു കാലാവസ്ഥാ വ്യതിയാനം (25). കാലാവസ്ഥ ഒരു പൊതുകാര്യമാണ്, എല്ലാവർക്കും വേണ്ടിയാണ് (23). ഏറ്റവും പാവപ്പെട്ടവർക്കാണ് ഇതിന്റെ ദൂഷ്യവശങ്ങൾ കൂടുതൽ അനുഭവപ്പെടുക. സാമ്പത്തിക– രാഷ്ട്രീയ ബലമുള്ള സമ്പന്ന രാജ്യങ്ങൾ ഇതു മറച്ചുവയ്ക്കുകയാണ് (26). നമ്മൾ മൗനം പാലിക്കുമ്പോൾ നമ്മുടെ സാധാരണ സഹോദരങ്ങളുടെ നേർക്കുള്ള ഉത്തരവാദിത്വം നാം മറക്കുകയാണ്.

ശുദ്ധജലം: അടിസ്ഥാനപരവും സാർവത്രികവുമായ ഒരു അവകാശമാണു ശുദ്ധജലം കുടിക്കുക എന്നത്. മനുഷ്യന്റെ നിലനില്പിനും മറ്റു മനുഷ്യാവകാശങ്ങൾ ഉണർത്തുന്നതിനും ഇതാവശ്യമാണ്. പാവപ്പെട്ടവർക്ക് ഈ അവകാശം നിഷേധിക്കുമ്പോൾ അവരുടെ മനുഷ്യമഹത്വത്തെ നാം നിഷേധിക്കുകയാണ് (30).

ജൈവവൈവിധ്യനഷ്ടം: ഓരോ വർഷവും ആയിരക്കണക്കിനു സസ്യങ്ങൾക്കും മൃഗങ്ങൾക്കും വംശനാശം ഉണ്ടാകുന്നു (33).

മനുഷ്യജീവന്റെ ഗുണം നഷ്ടപ്പെടുകയും സമൂഹം ഛിന്നഭിന്നമാവുകയും ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നതിൽ സമ്പന്ന രാഷ്ട്രങ്ങൾക്കു പ്രത്യേക ഉത്തരവാദിത്വമുണ്ട്. ഒരു അന്തർദേശീയ ധാർമികചിന്ത രൂപപ്പെടുത്തണം. ഇന്നത്തെ ഏറ്റവും വലിയ കടബാധ്യത പാരിസ്ഥിതിക കടമാണ് (51). ഇതിനോടെല്ലാം ഉള്ള ലോകപ്രതികരണം അല്പം ബലഹീനമാണ് എന്നതത്രേ ഫ്രാൻസിസ് മാർപാപ്പയുടെ നിലപാട്. ഒരു താൻപോരിമാവാദവും ഇതൊന്നും സാരമില്ല എന്നൊരു ചിന്തയും സമ്പന്നവർഗത്തിനിടയിലുണ്ട്.

**2. സൃഷ്ടിയുടെ സുവിശേഷം**

വേദപുസ്തകത്തിൽ ഊന്നിനിന്നുകൊണ്ടു യഹൂദ – ക്രൈസ്തവ പാരമ്പര്യങ്ങളിലൂടെ യാത്രചെയ്തു മനുഷ്യവർഗത്തിനു സൃഷ്ടജാലങ്ങളുടെ മേലുള്ള വലിയ

ഉത്തരവാദിത്വത്തിലേക്കും പാപ്പാ എത്തിക്കുന്നു. സ്വാഭാവിക പ്രകൃതി ഒരു പൊതുനന്മയാണ്; മനുഷ്യവർഗത്തിന്റെ സമ്പത്താണ്, ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ് (95).

നമ്മെ രക്ഷിക്കുന്ന ദൈവംതന്നെയാണു ലോകം സൃഷ്ടിച്ചതും. ഇവരണ്ടും തമ്മിൽ അഭേദ്യബന്ധമുണ്ട്. മനുഷ്യവർഗവും മറ്റു ജീവജാലങ്ങളും തമ്മിലുള്ള ബന്ധം സൂക്ഷിക്കണം. പാപമാണു താളം തെറ്റിച്ചത്. മനുഷ്യജീവൻ ദൈവത്തോടും അയൽക്കാരനോടും ഭൂമിയോടും ഏറ്റവും ബന്ധപ്പെട്ട ഒന്നാണ്. ഈ മൂവരോടുമുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു കഴിഞ്ഞു. അതാണു പാപം (66).

മനുഷ്യന് ഏദൻതോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനുമുള്ള ചുമതലയാണു ദൈവം നൽകിയത്. (ഉല്പ.2:15). എല്ലാ ജീവജാലങ്ങളുടെയും ദൈവോന്മുഖമായ യാത്ര മനുഷ്യരിലൂടെയാണ് (83). ഏതു ജീവിയോടുമുള്ള ക്രൂരത മനുഷ്യമഹത്വത്തിന് എതിരാണ് (92). നമ്മുടെ സഹോദരങ്ങളുടെ നേർക്കുള്ള സ്നേഹവും താത്പര്യവും പരിഗണനയും കുറഞ്ഞാൽ പ്രകൃതിയിലെ മറ്റു ജീവജാലങ്ങളോടുള്ള കൂട്ടായ്മ വാസ്തവമാകുന്നില്ല (91). ഉത്ഥിതന്റെ സാന്നിധ്യം ലോകം മുഴുവനിലുമുണ്ട്.

### 3. പാരിസ്ഥിതികസംഘർഷത്തിന്റെ മാനുഷികവേരുകൾ

ദാർശനിക വീക്ഷണങ്ങളോടെയും ശാസ്ത്രത്തിന്റെ സഹായത്തോടെയും പ്രശ്നങ്ങളുടെ വേരുകളിലേക്കു പാപ്പാ നീങ്ങുന്നു. സാങ്കേതികവിദ്യ ലോകപുരോഗതിക്ക് ഏറെ സഹായിച്ചിട്ടുണ്ട്. പക്ഷേ, ഈ മേഖലയിൽ, അറിവും സമ്പത്തും മറ്റു വിഭവങ്ങളുമുള്ളവർ സാധാരണക്കാരന്റെമേൽ ആധിപത്യം നടത്തുന്നുണ്ട് (104). സാങ്കേതിക വിദ്യകൊണ്ടു പാവപ്പെട്ടവരെ മുറിപ്പെടുത്തിയിട്ടുണ്ട്. അതു സാമ്പത്തിക മേഖലയെയും രാഷ്ട്രീയജീവിതത്തെയും കീഴ്പ്പെടുത്തിയിട്ടുണ്ട്. അല്ലെങ്കിൽ അവയ്ക്കുമേൽ ഭരണം നടത്തുന്നു.

മനുഷ്യരുടെ സ്വാർഥപ്രേരിതമായ സമീപനങ്ങൾ വളരുന്നു. മറ്റു മനുഷ്യരോടുള്ള ഉത്തരവാദിത്വത്തിൽനിന്ന് ഓടി മറയുന്നു. ഉപയോഗിക്കുക, എറിഞ്ഞു കളയുക എന്ന ചിന്ത ബലപ്പെടുന്നു. കുട്ടികളെ ദുരുപയോഗിക്കുക, വാർധക്യത്തിൽ എത്തിയവരെ ഉപേക്ഷിക്കുക, കുട്ടികളെ തട്ടിക്കൊണ്ടുപോവുക തുടങ്ങിയവയെല്ലാം ഇതിന്റെ ഫലമാണ് (114). ഫലഭൂയിഷ്ഠമായ ഭൂമിയുടെ സിംഹഭാഗവും സമ്പന്നർ കുത്തകയായി വയ്ക്കുന്നു. തന്മൂലം വിശാലവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ചർച്ചകൾ ഉരുത്തിരിയണമെന്നു പാപ്പാ ആഗ്രഹിക്കുന്നു (135).

### 4. സമ്പൂർണ പരിസ്ഥിതി

ഈ ചാക്രികലേഖനത്തിന്റെ ഉന്നം സമഗ്രപരിസ്ഥിതിയാണ്. നീതിക്കുവേണ്ടിയുള്ള ഒരു പുതിയ മാതൃകയാണിത്. ഇതു ഭൂമിയിൽ മനുഷ്യന്റെ തനതായ സ്ഥാനവും മനുഷ്യനു ചുറ്റുപാടുകളോടുള്ള ബന്ധവും ഉൾപ്പെടുന്നു. നമ്മിൽനിന്നു വേർപെട്ടു ബന്ധമില്ലാതെ നിൽക്കുന്ന ഒരു യാഥാർഥ്യമായി പ്രകൃതിയെ കാണരുത് (139).

മാനവൈകൃത്തിനും സാമൂഹികബന്ധങ്ങൾക്കും എതിരായ ഓരോ നീക്കവും പരിസ്ഥിതിയെ ഉപദ്രവിക്കുന്നതാണ് (142). സാമൂഹികസ്ഥാപനങ്ങളുടെ ആരോഗ്യം, പ്രകൃതിയുടെ ആരോഗ്യമാണ്. പ്രകൃതിയെക്കുറിച്ചുള്ള വിശകലനം മനുഷ്യനേയും കുടുംബത്തേയും ജോലി ചെയ്യുന്ന സ്ഥാപനങ്ങളേയും മാറ്റിനിർത്തിക്കൊണ്ടാവരുത്. മാനുഷിക പരിസ്ഥിതി പൊതുനന്മയിൽനിന്ന് അവിഭാജ്യമാണ് (156).

ഇന്നു ലോകത്തിൽ അനീതി വളരുകയും അനേകർക്ക് അടിസ്ഥാനസൗകര്യങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരുണത്തിൽ പൊതുനന്മയ്ക്കായി പ്രവർത്തിക്കുക എന്നു

പറഞ്ഞാൽ സമൂഹത്തിലെ ഏററവും പാവപ്പെട്ടവരുടെ പക്ഷംചേരുക എന്നത്രേ (158). ഭാവി തലമുറയ്ക്കു വാസയോഗ്യമായ ഒരു വീട് മനസിൽ കാണുക എന്നതിന്റെ അർഥവും ഇതാണ്.

സത്യം പ്രഘോഷിക്കുന്ന കൂട്ടത്തിൽ പാവപ്പെട്ടവരുടെ കൂട്ടുകാരനും പ്രഘോഷകനും ആയിരിക്കണം നാം എല്ലാവരും. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയും മാനുഷിക പരിസ്ഥിതിയെക്കുറിച്ചു വിശദമായി പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യരുടെ കേന്ദ്രസ്ഥാനം നഷ്ടപ്പെടുത്താതെ പ്രകൃതിയെ സംരക്ഷിക്കണം എന്ന ചിന്തയാണത്. നമ്മുടെ ശരീരങ്ങൾ ദൈവത്തിന്റെ സമ്മാനമായി നമ്മൾ കരുതണം. നമ്മുടെ പൊതുഭവനത്തിൽനിന്നു ലഭിച്ചതുമാണത്. നമ്മുടെ ശരീരത്തിന്മേൽ അനിയന്ത്രിതമായ അധികാരം നമുക്കുണ്ട് എന്നു കരുതുന്നതു ജീവജാലങ്ങളുടെമേൽ അനിയന്ത്രിതമായ അധികാരമുണ്ട് എന്നു പറയുന്നതുപോലെയാണ്.

**5. സമീപനങ്ങളും പ്രായോഗികമാർഗങ്ങളും**

നമ്മൾ എന്തുചെയ്യണം, എന്തു ചെയ്യാൻ കഴിയും എന്നതിലേക്കുള്ള കാഴ്ചപ്പാടുകളാണിവിടെ. പഠനം മാത്രം പോരാ, സംഭാഷണങ്ങളും പ്രായോഗികമാർഗങ്ങളും കണ്ടെത്തണം. ഓരോ വ്യക്തിയും പങ്കുവയ്ക്കണം. ഇത് അന്തർദേശീയ നയങ്ങളെക്കാൾ ഒട്ടും ചെറുതല്ല. ഇതു സ്വയം നശീകരണത്തിൽനിന്നു നമ്മെ രക്ഷിക്കും (163). പ്രശ്നങ്ങൾ ഏറെയുണ്ട്. ശാസ്ത്രവിഷയങ്ങളും രാഷ്ട്രീയവിഷയങ്ങളും എളുപ്പത്തിൽ പരിഹരിച്ചു സമവായത്തിൽ എത്താൻ പറ്റും എന്നു കരുതുന്നില്ല. എല്ലാവരും സംഭാഷണത്തിൽ ഏർപ്പെടണം. ഏതെങ്കിലും ഒരു മുൻവിധിയുടെയോ ആശയത്തിന്റെയോ പുറകേ പോകരുത്. (188).

ആധുനിക ഉച്ചകോടി സമ്മേളനങ്ങളെ മാർപാപ്പ വിമർശിക്കുന്നു. രാഷ്ട്രീയ ചേരിതിരിവുമൂലം പ്രകൃതിയെക്കുറിച്ചു ഫലപ്രദവും കാര്യക്ഷമവുമായ തീരുമാനങ്ങളിലേക്ക് എത്താൻ അവയ്ക്കു സാധിച്ചില്ല എന്നതാണു പാപ്പായുടെ നിരീക്ഷണം (166).

അടിയന്തര സാഹചര്യങ്ങളിൽ തീരുമാനമെടുക്കാൻ സാധിക്കാത്ത അധികാരത്തിന്റെ സാധുതയെത്തന്നെ പാപ്പാ വിമർശിക്കുന്നുണ്ട്. ഭരണകൂടങ്ങൾ ലോകനന്മയ്ക്കുവേണ്ടി ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും തീരുമാനങ്ങൾ എടുക്കുകയും വേണം (174). ബിസിനസ് ശക്തികൊണ്ടുമാത്രം പ്രകൃതിയെ നമുക്കു സംരക്ഷിക്കാനാവില്ല. സത്യസന്ധവും സുതാര്യവും മനഃസാക്ഷിക്കു യോജിക്കുന്നതുമായ രീതിയിൽ തീരുമാനമെടുക്കണം. സമഗ്രവികസനവും എല്ലാ മനുഷ്യരുടെയും വളർച്ചയും ലക്ഷ്യംവയ്ക്കണം (185).

അഴിമതി ലോകവ്യാപകമാകുന്നു. പാപ്പാ ഉയർത്തുന്ന ഏറ്റവും വലിയ ചോദ്യങ്ങൾ ഭരണാധികാരികളോടാണ്. അവരുടെ നേട്ടങ്ങളും ഇപ്പോഴത്തെ ആവശ്യങ്ങളും മാത്രം നോക്കിയാൽ പോരാ (181). അവർക്കു ധൈര്യമുണ്ടെങ്കിൽ അവരുടെ ദൈവദത്തമായ മഹത്വം മറക്കരുത്. അതിന്മേൽ നിസ്വാർഥമായ ഒരു ഉത്തരവാദിത്വം പ്രകാശിപ്പിക്കട്ടെ (181).

**6. പാരിസ്ഥിതിക വിദ്യാഭ്യാസവും ആത്മീയതയും**

ഒരു പാരിസ്ഥിതിക മാനസാന്തരത്തിലേക്കു മാർപാപ്പ ഏവരെയും ക്ഷണിക്കുന്നു. സാംസ്കാരിക അരാജകത്വത്തിന്റെ വേരുകൾ ആഴമുള്ളവയാണ്. നമ്മുടെ സ്വഭാവവും പ്രവർത്തനങ്ങളും മാറ്റിയെടുക്കുക എളുപ്പമല്ല. അതിനു നിരന്തര പരിശീലനം വേണമത്രേ. ഉദ്ദേശ്യശുദ്ധി ഇല്ലാതെയും ശരിയായ പരിശീലനവും പഠനവും ഇല്ലാതെയും മാറ്റങ്ങൾ അസാധ്യമാണ്. എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും ഇതിൽ പങ്കാളികളാവണം. (213). പുതിയ ഒരു ജീവിതശൈലിയാണു ലക്ഷ്യം (203). അതു സ്വകാര്യ, രാഷ്ട്രീയ, സാമ്പത്തിക വിദഗ്ധരിൽ സമ്മർദം ചെലുത്തണം.

വ്യവസായം നടത്തുന്ന രീതികൾക്കു മാറ്റം വരുത്തണം. അവരുടെ ഉത്പാദന രീതികൾ പരിശോധിക്കേണ്ടതായിട്ടുണ്ട് (206). അക്രമം, ചൂഷണം, സ്വാർഥത എന്നിവയിൽനിന്നു മാറിനിൽക്കണം. ഇതും സമഗ്രപരിസ്ഥിതിയുടെ ഉൾക്കാമ്പാണ്. ദൈവം തന്ന കഴിവുകളെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ടു കൂടുതൽ സൃഷ്ടിപരതയിലേക്കും കാര്യക്ഷമതയിലേക്കും എത്തിയ വിശുദ്ധരുടെ (ഫ്രാൻസിസ് അസീസി, ബെനഡിക്ട്, തെരേസ, വാഴ്ത്തപ്പെട്ട ചാൾസ് ദെ ഫുക്കോ) മാതൃകകൾ മാർപാപ്പ എടുത്തുകാണിക്കുന്നു: പരിശുദ്ധ ത്രിത്വത്തിലുള്ള കൂട്ടായ്മയിലാണു പാപ്പാ ചാക്രികലേഖനം അവസാനിപ്പിക്കുന്നതും കൂട്ടിയിണക്കുന്നതും (238–240). എല്ലാ സൃഷ്ടികളുടെയും മകുടമായ പരിശുദ്ധ മറിയത്തെ പ്രത്യേകം സ്മരിക്കുന്നു (241–2).

ചാക്രികലേഖനത്തിന്റെ പൂർണരൂപം ഡൗൺലോഡ് ചെയ്യുന്നതിന് വത്തിക്കാന്റെ ഔദ്യോഗിക വെബ്സൈറ്റായ www.vatican.va സന്ദർശിക്കുക.

